# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ഡിസംബർ 6<br>December 6 | 2019 |
|---|---|

*1193 വൃശ്ചികം 20* വെള്ളി

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**വെച്ചൂച്ചിറ ഇനി തരിശുരഹിത ഗ്രാമപഞ്ചായത്ത്; പ്രഖ്യാപനം**

**ഇന്ന് (7) മന്ത്രി വി.എസ് സുനിൽ കുമാർ നിർവഹിക്കും**

വെച്ചൂച്ചിറ ഗ്രാമപഞ്ചായത്തിനെ തരിശുരഹിത ഗ്രാമപഞ്ചായത്തായി ഇന്ന് (7) രാവിലെ ഒൻപതിന് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് മന്ത്രി വി.എസ്.സുനിൽ കുമാർ പ്രഖ്യാപിക്കും. ഇതോടൊപ്പം കർഷകരെ മന്ത്രി ആദരിക്കും.

കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റേയും ഹരിതകേരളം മിഷന്റേയും നേതൃത്വത്തിൽ വെച്ചൂച്ചിറ മാർക്കറ്റ് ജംഗ്ഷനിൽ നടക്കുന്ന സമ്മേളനത്തിൽ രാജു എബ്രഹാം എം.എൽ.എ അധ്യക്ഷത വഹിക്കും. ആന്റോ ആന്റണി എം.പി മുഖ്യ പ്രഭാഷണം നടത്തും. തരിശുരഹിത പ്രഖ്യാപനത്തോടൊപ്പം ഹരിതകേരളം മിഷൻ സംസ്ഥാന ഉപാധ്യക്ഷ ഡോ.ടി.എൻ സീമ ഹരിതസമൃദ്ധി വാർഡ് പ്രഖ്യാപനവും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി പച്ചത്തുരുത്ത് ഉദ്ഘാടനവും നിർവഹിക്കും.

കേരളത്തിന്റെ നഷ്ടമായിക്കൊ ിരിക്കുന്ന മുഖമുദ്രകളായ പച്ചപ്പും ഹരിതസമൃദ്ധിയുമെല്ലാം വീ ടുക്കുക എന്ന ലക്ഷ്യത്തോടെ ഹരിതകേരളം മിഷൻ മുന്നോട്ട് വച്ച ആശയമാണ് തരിശുരഹിത ഗ്രാമപഞ്ചായത്ത്. വാർഡ്തലത്തിൽ സർവേ നടത്തിയതിന്റെ

അടിസ്ഥാനത്തിൽ തരിശുഭൂമികൾ ക ത്തി അവയെ കൃഷി യോഗ്യമാക്കിയാണ് തരിശുരഹിത ഗ്രാമപഞ്ചായത്ത് എന്ന ലക്ഷ്യത്തിലേക്ക് എത്തിയത്. ഉദ്ഘാടന സമ്മേളനത്തിന് ശേഷം കർഷക സെമിനാർ നടക്കും. കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, കുടുംബശ്രീ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, പഞ്ചായത്തിലെ വിവിധ കൂട്ടായ്മകൾ എന്നിവ സംയുക്തമായി ചേർന്നാണ് തരിശുരഹിത ഗ്രാമം പദ്ധതി നടപ്പാക്കുന്നത്.

(പിഎൻപി 3519/19).

## വാത്സല്യനിധി പോളിസി സർട്ടിഫിക്കറ്റ് വിതരണോദ്ഘാടനം

## ഇന്ന് (7) മന്ത്രി കെ.രാജു നിർവഹിക്കും

പട്ടികജാതി വികസനവകുപ്പ്, എൽ.ഐ.സി എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ പെൺകുട്ടികളുടെ സമഗ്രവികസനം ലക്ഷ്യമാക്കി വാത്സല്യനിധി എന്ന പേരിൽ ആരംഭിക്കുന്ന ഇൻഷുറൻസ് പദ്ധതിയുടെ പോളിസി സർട്ടിഫിക്കറ്റ് വിതരണത്തിന്റെ ജില്ലാതല ഉദ്ഘാടനം ഇന്ന് (7) ഉച്ചകഴിഞ്ഞ് മൂന്നിന് നടക്കും. പറക്കോട് ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ വനംവകുപ്പ് മന്ത്രി അഡ്വ.കെ.രാജു ഉദ്ഘാടനം നിർവഹിക്കും. ചിറ്റയം ഗോപകുമാർ എം.എൽ.എ അധ്യക്ഷതവഹിക്കുന്ന ചടങ്ങിൽ കെ.യു ജനീഷ് കുമാർ എം.എൽ.എ മുഖ്യപ്രഭാഷണം നടത്തും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാ ദേവി, ജില്ലാ കളക്ടർ പി.ബി നൂഹ്, അടൂർ മുൻസിപ്പൽ ചെയർപേഴ്സൻ ഷൈനി ബോബി, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബീന പ്രഭ, ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് എസ്.രാധാകൃഷ്ണൻ, ജില്ലാ പട്ടികജാതി വികസന ഓഫീസർ എസ്.എസ് ബീന, സംസ്ഥാന ഉപദേശക സമിതി അംഗം പി.കെ കുമാരൻ തുടങ്ങിയവർ പങ്കെടുക്കും.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട മാതാപിതാക്കൾക്ക് ഒരുലക്ഷം രൂപവരെ വരുമാനപരിധിക്കകത്തുള്ള പെൺകുട്ടികൾക്കു വാത്സല്യ നിധി ഇൻഷുറൻസ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യാം. പെൺകുട്ടി ജനിച്ച് ഒൻപത് മാസത്തിനകം പദ്ധതിയിൽ രജിസ്റ്റർ ചെയ്തിരിക്കണം. 18 വയസാകുമ്പോൾ മൂന്നു ലക്ഷം രൂപ കുട്ടിക്ക് നൽകാനാണു പദ്ധതി ലക്ഷ്യമിടുന്നത്. ഒരു കുട്ടിക്ക് 1,38,000 രൂപ നാല് ഇൻസ്റ്റാൾമെന്റുകളായി സർക്കാർ നിക്ഷേപിക്കും. പത്തനംതിട്ട ജില്ലയിൽ നിന്ന് അംഗങ്ങളാക്കിയിട്ടുള്ള 320 പെൺകുട്ടികളുടെ പോളിസി സർട്ടിഫിക്കറ്റിന്റെ വിതരണോദ്ഘാടനമാണ് ഇന്ന് നടക്കുന്നത്. ന

(പിഎൻപി 3520/19).

## നിയമസഭയുടെ പിന്നോക്ക സമുദായ ക്ഷേമനിധി

## യോഗം 12 ന് കളക്ടറേറ്റിൽ

നിയമസഭയുടെ പിന്നോക്ക സമുദായ ക്ഷേമം സംബന്ധിച്ച സമിതി ഈ മാസം 12 ന് രാവിലെ 10.30 ന് പത്തനംതിട്ട കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ യോഗം ചേരും. സർക്കാർ സർവീസ്, പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാർ നിയന്ത്രണത്തിലുള്ള മറ്റു

സ്ഥാപനങ്ങൾ എന്നിവയിലെ നിയമനങ്ങളിൽ പിന്നോക്ക സമുദായങ്ങളിൽപ്പെട്ടവർക്ക് ലഭിക്കേ സാമുദായിക പ്രാതിനിധ്യം സംബന്ധിച്ചും പിന്നോക്ക സമുദായക്കാർ അഭിമുഖീകരിക്കുന്ന സാമുദായികവും സാമൂഹ്യപരവുമായ വിവിധ പ്രശ്നങ്ങളെ സംബന്ധിച്ചും വ്യക്തികളിൽ നിന്നും സംഘടനകളിൽ നിന്നും ഹർജികൾ / നിവേദനങ്ങൾ സ്വീകരിക്കും. ഇതു സംബന്ധിച്ച് പിന്നോക്ക വിഭാഗ വികസനം, പൊതു വിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം, റവന്യൂ, തദ്ദേശ സ്വയംഭരണം, ആരോഗ്യ കുടുംബ ക്ഷേമം, ഉദ്യോഗസ്ഥ ഭരണ പരിഷ്കാരം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരുമായും ചർച്ച നടത്തും.

(പിഎൻപി 3521/19).

## നിക്ഷേപം എങ്ങനെ പ്രോത്സാഹിക്കാം; തദ്ദേശ സ്വയംഭരണ മേധാവികൾക്കായി ശില്പശാല സംഘടിപ്പിച്ചു

പാലങ്ങളും റോഡുകളും മാത്രമല്ല വികസനമെന്നും ജനങ്ങളുടെ കയ്യിൽ അവരുടെ ആവശ്യങ്ങൾ നിറവേറ്റാനുള്ള വിഭവങ്ങൾ ഉ ാകുമ്പോഴാണു വികസനം സാധ്യമാകുന്നതെന്നും മാത്യു ടി തോമസ് എം.എൽ.എ പറഞ്ഞു. തിരുവല്ല ഹോട്ടൽ തിലകിൽ ജില്ലാ വ്യവസായ കേന്ദ്രം തദ്ദേശസ്ഥാപന മേധാവികൾക്കായി സംഘടിപ്പിച്ച നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ട്-2018 എന്ന ശില്പശാല ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ചെറുതും വലുതുമായ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കണം. 2016ന് ശേഷം സംരംഭകർക്ക് അനുകൂലമായ അവസ്ഥയാണു സംസ്ഥാനത്തുള്ളത്. സംരംഭം തുടങ്ങുവാൻ ആവശ്യമായ രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള നടപടികൾ ഓൺലൈൻ വഴി നടത്തുവാൻ സാധിക്കുന്നു. ഇതുപോലെ സംരംഭകർക്ക് അനുകൂലമായ സാഹചര്യം ഉ ാകേ തു നാടിന്റെ സമ്പത്ത് വ്യവസ്ഥയ്ക്ക് ആവശ്യമാണെന്നും അദ്ദേഹം പറഞ്ഞു.

പരിസ്ഥിതി സൗഹൃദ വ്യവസായങ്ങൾക്ക് മുൻഗണന നൽകി ജനകീയ പങ്കാളിത്തത്തോടു കൂടി സംരംഭകത്വ മേഖല പരിപോഷിപ്പിക്കുവാനും അതു വഴി കൂടുതൽ തൊഴിൽ അവസരം സൃഷ്ടിക്കുവാനുമാണ് ആക്ട് 2018 ലൂടെ ലക്ഷ്യമിടുന്നത്. തിരുവല്ല നഗരസഭാധ്യക്ഷൻ ചെറിയാൻ പോളച്ചിറയ്ക്കൽ അധ്യക്ഷത വഹിച്ച ചടങ്ങിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്സ് അസോസിയേഷൻ ജില്ലാ പ്രസിഡന്റ് മോഹൻരാജ് ജേക്കബ്, കേരള സ്മോൾ സ്കേൽ ഇൻഡസ്ട്രീസ് അസോസിയേഷൻ ജില്ലാ പ്രസിഡന്റ് മോർലി ജോസഫ്, ജില്ലാ വ്യവസായ കേന്ദ്രം മാനേജർ ലിസിയാമ്മ സാമുവേൽ എന്നിവർ സംസാരിച്ചു. ജില്ലയിലെ വിവിധ തദ്ദേശ സ്വയം ഭരണ സ്ഥാപന മേധാവികൾ ശില്പശാലയിൽ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ്:-*** തിരുവല്ലയിൽ ജില്ലാ വ്യവസായ കേന്ദ്രം തദ്ദേശസ്ഥാപന മേധാവികൾക്കായി സംഘടിപ്പിച്ച നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ട്-2018 എ ശില്പശാല മാത്യു ടി തോമസ് എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു.

(പിഎൻപി 3522/19).

## സൗദി ആരോഗ്യമന്ത്രാലയത്തിന് കീഴിൽ വനിത നഴ്സുമാർക്ക് അവസരം

സൗദി അറേബ്യയിലെ ആരോഗ്യമന്ത്രാലയത്തിനു (എംഒഎച്ച്) കീഴിലുള്ള ആശുപത്രികളിലേക്ക് വനിത നഴ്സുമാരെ നോർക്ക റൂട്ട്സ് മുഖേന തെരഞ്ഞെടുക്കും. ബി.എസ്.സി, എം.എസ്.സി, പി.എച്ച്.ഡി യോഗ്യതയുള്ള വനിത നഴ്സുമാർക്കാണ് അവസരം. കാർഡിയാക് ക്രിട്ടിക്കൽ കെയർ യൂണിറ്റ്, ക്രിട്ടിക്കൽ കെയർ യൂണിറ്റ് (മുതിർന്നവർ, കുട്ടികൾ, നിയോനാറ്റൽ), കാർഡിയാക് സർജറി, എമർജൻസി, ഓങ്കോളജി എന്നീ വിഭാഗങ്ങളിലാണ് ഒഴിവ്. സൗദി ആരോഗ്യമന്ത്രാലയത്തിന്റെ പട്ടിക പ്രകാരം ഈ മാസം 23 മുതൽ 27 വരെ കൊച്ചിയിലും, ബെംഗളൂരുവിലും അഭിമുഖം നടക്കും. താല്പര്യമുള്ളവർ www.norkaroots.org ൽ അപേക്ഷ സമർപ്പിക്കണമെന്ന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. അപേക്ഷ സമർപ്പിക്കേ അവസാന തീയതി ഈ മാസം 19. കൂടുതൽ വിവരങ്ങൾ ടോൾ ഫ്രീ നമ്പരായ 18004253939 (ഇന്ത്യയിൽ നിന്നും) 00918802012345 (വിദേശത്തു നിന്നും മിസ്ഡ് കോൾ സേവനം) ൽ ലഭിക്കും.

(പിഎൻപി 3523/19).

## റെജിമെന്റൽ സ്റ്റാഫ് ഒഴിവ്

റാന്നി ഇ.സി.എച്ച്.എസ് പോളിക്ലിനിക്കിൽ ഒരു പ്യൂൺ (റെജിമെന്റൽ സ്റ്റാഫ്) ഒഴിവു ്. താഴെ പറയുന്ന യോഗ്യതയുള്ളവരിൽ നിന്നും ബയോഡേറ്റാ സഹിതം അപേക്ഷകൾ ഈ മാസം 12 ന് വൈകിട്ട് നാലിനകം ഓഫീസർ ഇൻ ചാർജ്, ഇ.സി.എച്ച്.എസ് പോളിക്ലിനിക്ക് ടൈപ്പ് 'ഡി', ഹൗസ് നം. 2/387, പഴവങ്ങാടി പി.ഒ, റാന്നി, പത്തനംതിട്ട- 689 673 എന്ന വിലാസത്തിൽ ലഭിക്കണം. എക്സ് സർവീസ്മെൻ ( ഹവിൽദാരോ അതിൽ താഴെയുള്ളവരിൽ നിന്നുമാത്രം)2017 ജനുവരി ഒന്നിനും 2019 സെപ്റ്റംബർ 30 നും ഇടയിൽ വിരമിച്ചവരും 45 വയസ് കഴിയാത്തവരുമായിരിക്കണം. പത്തനംതിട്ട ജില്ലകാർക്ക് മാത്രം.

(പിഎൻപി 3524/19).

## ടെൻ ർ ക്ഷണിച്ചു

റാന്നി അഡീഷണൽ ഐ.സി.ഡി.എസ് പ്രോജക്ടിലെ അങ്കണവാടികളിൽ 2019-20 സാമ്പത്തിക വർഷത്തേക്ക് ക ിജൻസി സാധനങ്ങൾ വാങ്ങുന്നതിനു വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ടെൻഡറുകൾ ക്ഷണിച്ചു. ടെൻഡർ സ്വീകരിക്കുന്ന അവസാന തീയതി ഡിസംബർ 10.

(പിഎൻപി 3525/19).

## ശബരിമല: ഇന്ന് (7) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ

ശബരിമല തീർഥാടനത്തോടനുബന്ധിച്ച് ഇന്ന് (7) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ: പ്രശാന്ത് മെഡിക്കൽസ് പത്തനംതിട്ട, സെന്റ് ജോർജ് മെഡിക്കൽസ് കോഴഞ്ചേരി,വെസ്റ്റേൺ മെഡിക്കൽസ് അടൂർ, ഉദയാ മെഡിക്കൽസ് പന്തളം, കെ.റ്റി ജോർജ് & സൺസ് മെഡിക്കൽസ് തിരുവല്ല, മെഡ്ഫാർമ, റാന്നി.

(പിഎൻപി 3526/19).

## അടൂർ താലൂക്ക് വികസന സമിതി യോഗം ഇന്ന് (7)

അടൂർ താലൂക്ക് വികസന സമിതി യോഗം ഇന്ന് (7)രാവിലെ 10.30 ന് അടൂർ താലൂക്ക് ഓഫീസിൽ ചിറ്റയം ഗോപകുമാർ എം.എൽ.എ യുടെ അധ്യക്ഷതയിൽ ചേരും.

(പിഎൻപി 3527/19).

## ചുരുക്ക പട്ടിക പ്രസിദ്ധീകരിച്ചു

പത്തനംതിട്ട ജില്ലയിൽ എക്സൈസ് വകുപ്പിലേക്ക് വനിതാ സിവിൽ എക്സൈസ് ഓഫീസർ(കാറ്റഗറി നമ്പർ: 501/2017) തസ്തികയിലേക് 2018 ഫെബ്രുവരി 24ന് പി എസ് സി നടത്തിയ ഒ.എം.ആർ പരീക്ഷയുടെ ചുരുക്ക പട്ടിക പ്രസിദ്ധീകരിച്ചു. കൂടുതൽ വിവരങ്ങൾക്ക് ജില്ലാ പി.എസ്.സി ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 0468 –2222665

(പിഎൻപി 3528/19).

## എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ

വിവിധ കാരണങ്ങളാൽ എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കുവാൻ കഴിയാതിരുന്നവർക്കും ലാപ്സായതിനുശേഷം റീ രജിസ്റ്റർ ചെയ്തവർക്കും സീനിയോറിറ്റി നിലനിർത്തി രജിസ്ട്രേഷൻ പുതുക്കാൻ അവസരം. എംപ്ലോയ്മെന്റ് എക്സ് ചേഞ്ച് വഴി ജോലി ലഭിച്ച് നിയമാനുസൃതം വിടുതൽ ചെയ്ത് സർട്ടിഫിക്കറ്റ് യഥാസമയം ചേർക്കാൻ കഴിയാതെ സീനിയോറിറ്റി നഷ്ടപ്പെട്ടവർക്കും, നിശ്ചിത സമയപരിധി കഴിഞ്ഞ് വിടുതൽ സർട്ടിഫിക്കറ്റ് ചേർത്ത കാരണത്താൽ സീനിയോറിട്ടി നഷ്ടമായവർക്കും ജോലി പൂർത്തിയാക്കാനാകാതെ മെഡിക്കൽ ഗ്രൗണ്ടിലോ ഉപരിപഠനത്തിനോ വിടുതൽ ചെയ്തവർക്കും ജോലി ലഭിച്ചിട്ടും മന:പൂർവമല്ലാത്ത കാരണങ്ങളാൽ ജോലിയിൽ പ്രവേശിക്കാൻ കഴിയാതെ വന്നവർ, ബന്ധപ്പെട്ട രേഖകൾ യഥാസമയം ഹാജരാക്കാൻ കഴിയാതെ സീനിയോറിറ്റി നഷ്ടപ്പെട്ടവർക്കും രജിസ്ട്രേഷൻ പുന:സ്ഥാപിക്കാം. തിരുവല്ല ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർഥികൾക്ക് ജനുവരി 31 വരെ രജിസ്ട്രേഷൻ കാർഡ് സഹിതം അപേക്ഷ സമർപ്പിക്കാം. കൂടാതെ ഓൺലൈൻ / സ്മാർട്ട് ഫോൺ സംവിധാനം വഴിയും സ്പെഷ്യൽ റിന്യൂവൽ നടത്താം.

(പിഎൻപി 3529/19).

**ടെൻഡർ**

അടൂർ ജനറൽ ആശുപത്രിയിൽ കരാർ പ്രകാരം നിർമ്മാണ പ്രവൃത്തിക്ക് ടെൻഡർ ക്ഷണിച്ചു. ആർ.എം.ഒ ക്വാർട്ടേഴ്സിന്റെ വശത്തായി ഡമ്പ് ഷെഡ് നിർമ്മാണം, സെൻട്രൽ യാർഡ് നവീകരിച്ച് വെർട്ടിഫൈഡ് ടൈൽസ് വിരിക്കുന്ന പ്രവൃത്തികൾക്കാണ് ടെൻഡർ. ടെൻഡർ ഫോം സ്വീകരിക്കുന്ന അവസാന തീയതി ഈ മാസം 10 ന് ഉച്ചയ്ക്ക് ര ുവരെ. ഫോൺ: 04734-223236.

(പിഎൻപി 3530/19).

.



# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ഡിസംബർ 6 | |
|---|---|
| December 6 | 2019 |

*1193 വൃശ്ചികം 20* വെള്ളി

# പത്രക്കുറിപ്പ് -2

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**ഒന്നാമത്തെ റിലീസിൽ അയച്ച വാർത്തയ്ക്ക് പകരം ഈ വാർത്ത കൊടുക്കാൻ താൽപര്യം.**

-------------------

**നിക്ഷേപം എങ്ങനെ പ്രോത്സാഹിക്കാം; തദ്ദേശ സ്വയംഭരണ**

**മേധാവികൾക്കായി ശില്പശാല സംഘടിപ്പിച്ചു**

പാലങ്ങളും റോഡുകളും മാത്രമല്ല വികസനമെന്നും ജനങ്ങളുടെ കയ്യിൽ അവരുടെ ആവശ്യങ്ങൾ നിറവേറ്റാനുള്ള വിഭവങ്ങൾ ഉ ാകുമ്പോഴാണു വികസനം സാധ്യമാകുന്നതെന്നും മാത്യു ടി തോമസ് എം.എൽ.എ പറഞ്ഞു. തിരുവല്ല ഹോട്ടൽ തിലകിൽ ജില്ലാ വ്യവസായ കേന്ദ്രം തദ്ദേശസ്ഥാപന മേധാവികൾക്കായി സംഘടിപ്പിച്ച നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ട്-2018 എന്ന ശില്പശാല ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ചെറുതും വലുതുമായ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കണം. 2016ന് ശേഷം സംരംഭകർക്ക് അനുകൂലമായ അവസ്ഥയാണു സംസ്ഥാനത്തുള്ളത്. സംരംഭം തുടങ്ങുവാൻ ആവശ്യമായ രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള നടപടികൾ ഓൺലൈൻ വഴി

നടത്തുവാൻ സാധിക്കുന്നു. ഇതുപോലെ സംരംഭകർക്ക് അനുകൂലമായ സാഹചര്യം ഉ ാകേ തു നാടിന്റെ സമ്പത്ത് വ്യവസ്ഥയ്ക്ക് ആവശ്യമാണെന്നും അദ്ദേഹം പറഞ്ഞു.

പരിസ്ഥിതി സൗഹൃദ വ്യവസായങ്ങൾക്ക് മുൻഗണന നൽകി ജനകീയ പങ്കാളിത്തത്തോടു കൂടി സംരംഭകത്വ മേഖല പരിപോഷിപ്പിക്കുവാനും അതു വഴി കൂടുതൽ തൊഴിൽ അവസരം സൃഷ്ടിക്കുവാനുമാണ് ആക്ട് 2018 ലൂടെ ലക്ഷ്യമിടുന്നത്. തിരുവല്ല നഗരസഭാധ്യക്ഷൻ ചെറിയാൻ പോളച്ചിറയ്ക്കൽ അധ്യക്ഷത വഹിച്ച ചടങ്ങിൽ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ഡി.രാജേന്ദ്രൻ, കേരള സ്മോൾ സ്കേൽ ഇൻഡസ്ട്രീസ് അ സോസിയേഷൻ ജില്ലാ പ്രസിഡന്റ് മോർലി ജോസഫ്, ജില്ലാ വ്യവസായ കേന്ദ്രം മാനേജർ ലിസിയാമ്മ സാമുവേൽ എന്നിവർ സംസാരിച്ചു. റി.പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ കെ.സോമൻ, എൻഐസി കെസിഫ്റ്റ് വിദഗ്ധരായ ഷൈജു, ലാവണ്യ എന്നിവർ ശില്പശാല നയിച്ചു. ജില്ലയിലെ വിവിധ തദ്ദേശ സ്വയം ഭരണ സ്ഥാപന മേധാവികൾ ശില്പശാലയിൽ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ്:-***

തിരുവല്ലയിൽ ജില്ലാ വ്യവസായ കേന്ദ്രം തദ്ദേശസ്ഥാപന മേധാവികൾക്കായി സംഘടിപ്പിച്ച നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ട്-2018 എന്ന ശില്പശാല മാത്യു ടി തോമസ് എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു.ന

## ശബരിമല തീർഥാടനം; അമിതവില ഈടാക്കിയ ഹോട്ടലിനെതിരെ കേസ് എടുത്തു

ശബരിമല മണ്ഡല-മകരവിളക്കു കാലയളവിൽ ജില്ലയിലെ ഹോട്ടലുകൾ ഭക്ഷണ ത്തിനു ഈടാക്കേ വിലയിൽ കൂടുതൽ ഈടാക്കിയതിന് പന്തളം ജംഗ്ഷനിൽ പ്രവർത്തി ക്കുന്ന ന്യൂ ആര്യാസ് വെജിറ്റേറിയൻ ഹോട്ടലിനെതിരെ കേസ് രജിസ്റ്റർ ചെയ്തു. ശബരിമല സീസണിൽ ഭക്ഷണസാധനങ്ങൾക്ക് ഈടാക്കേ വിലവിവരപ്പട്ടിക ജില്ലാ കളക്ടർ നിശ്ച യിച്ചു നൽകിയിരിക്കുന്നതിന് വിരുദ്ധമായി അമിത വില ഈടാക്കിയതിനെതിരെയാണ് കേസ് രജിസ്റ്റർ ചെയ്തത്. നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി 10 രൂപ വിലവരുന്ന ഉഴുന്നു വടയ്ക്ക് 12 രൂപയും 40 രൂപ വില വരുന്ന മസാല ദോശയ്ക്ക് 55 രൂപയും 15 രൂപ വില വരുന്ന ബ്രൂ കോഫിയ്ക്ക് 20 രൂപയുമാണ് അമിത വില ഈടാക്കിയത്. പരാതിയെത്തുടർന്ന് അടൂർ താലൂക്ക് സപ്ലൈ ഓഫീസർ എം.അനിൽ,റേഷൻ ഇൻസ്പെക്ടർമാരായ ബെറ്റ്സി പി വർഗീസ്, ഹസീന.എം, സ്മിത.പി, സന്തോഷ്.കെ എന്നിവരുടെ നേതൃത്വത്തിലുള്ള സംഘം നടത്തിയ പരിശോധനയിലാണ് ക്രമക്കേട് ക ത്തിയത്.

***ഫോട്ടോ അടിക്കുറിപ്പ്: അടൂർ ഹോട്ടൽ:-***

അമിത വില ഈടാക്കുന്നതായി പരാതി ലഭിച്ചതിനെ തുടർന്ന് അടൂർ താലൂക്ക് സപ്ലൈ ഓഫീസർ എം.അനിലിന്റെ നേതൃത്വത്തിൽ ഹോട്ടലിൽ പരിശോധന നടത്തുന്നു.

(പിഎൻപി 3531/19).

**മോട്ടോർ വാഹന  നികുതി കുടിശിക;**

**ഒറ്റതവണ തീർപ്പാക്കൽ പദ്ധതി മൂന്നാഴ്ച കൂടി**

2014 ഏപ്രിൽ ഒന്നിന് ശേഷമുള്ള കാലയളവിലേക്കു നികുതി അടയ്ക്കാത്ത വാഹനങ്ങൾക്കു സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ ഒറ്റതവണ തീർപ്പാക്കൽ പദ്ധതി ഈ മാസം 31 ന് അവസാനിക്കും. 2019 മാർച്ച് 31 ന് അഞ്ച് വർഷമോ, അതിലധികമോ നികുതി കുടിശികയുള്ള ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് അവസാനത്തെ അഞ്ച് വർഷത്തെ നികുതിയുടെ 20 ശതമാനം അടച്ചും നോൺ ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് 30 ശതമാനം അടച്ചും നാളിതുവരെയുള്ള നികുതി കുടിശിക തീർപ്പാക്കി ഈ വാഹനങ്ങളിൽ നിന്നും ഭാവിയിൽ ഉ ാകാവുന്ന നികുതി ബാധ്യതകൾ ഒഴിവാക്കാം. വാഹനം കൈവശം ഇല്ലെങ്കിലോ, കൈമാറ്റം ചെയ്തതോ, പൊട്ടിപൊളിഞ്ഞു പോകുകയോ ചെയ്തിട്ടുള്ള വാഹന ഉടമകൾക്ക് ഈ അവസരം പ്രയോജനപ്പെടുത്താവുന്നതാണെന്നും ഡിസംബർ 31 ന് ശേഷം ഈ സൗകര്യം ലഭ്യമാകുന്നതല്ലെന്നും റാന്നി ജോയിന്റ് റീജിണൽ ട്രാൻസ്പോർട്ട് ഓഫീസർ അറിയിച്ചു.

(പിഎൻപി 3532/19).

**പ്രാദേശിക അവധി**

ചക്കുളത്തുകാവ് പൊങ്കാല ഉത്സവുമായി ബന്ധപ്പെട്ട് ഈമാസം 10ന് തിരുവല്ല താലൂക്കിൽ പ്രാദേശിക അവധി അനുവദിച്ച് ജില്ലാ കളക്ടർ പി.ബി. നൂഹ് ഉത്തരവായി.

(പിഎൻപി 3533/19).

**കേരളോത്സവം 2019: ജില്ലാതല കായികമത്സരങ്ങൾ ആരംഭിച്ചു;**

**കലാമത്സരങ്ങൾ ഇന്നും നാളെയും**

ജില്ലാ യുവജന ക്ഷേമബോർഡും ജില്ലാ പഞ്ചായത്തും സംയുക്തമായി സംഘടിപ്പി ക്കുന്ന കേരളോത്സവം 2019 ജില്ലാതല കായികമത്സരങ്ങൾ ആരംഭിച്ചു. ര ാം ദിവസമായ ഇന്ന്(ഡിസംബർ 7) വോളിബോൾ, വടംവലി, പഞ്ചഗുസ്തി മത്സരങ്ങൾ കുളനട ഗ്രാമപഞ്ചാ യത്ത് ഹയർസെക്കൻഡറി സ്കൂളിലും കബഡി മത്സരം കരുണ യൂത്ത് ക്ലബ് സ്റ്റേഡിയ ത്തിലും, ഷട്ടിൽ പന്തളം ഇൻഡോർ സ്റ്റേഡിയത്തിലും നടക്കും. കലാമത്സരങ്ങൾ ഇന്ന്(ഡിസം ബർ 7) ആരംഭിച്ച് നാളെ(8) വൈകിട്ട് അവസാനിക്കും. മൂന്നു വേദികളിലായിട്ടാണ് മത്സരം നടക്കുക.

കലാമത്സരങ്ങളുടെ ആരംഭദിനമായ ഇന്ന് ഒന്നാം വേദിയായ കുളനട ദേവിക്ഷേത്ര ഓഡിറ്റോറിയത്തിൽ രാവിലെ 9 മുതൽ ഭരതനാട്യം, മോഹിനിയാട്ടം, കേരളനടനം, കുച്ചിപ്പുടി, നാടോടിനൃത്തം, സംഘനൃത്തം, കഥകളി. ര ാംവേദിയായ പന്തളം ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ കഥാപ്രസംഗം, മോണോ ആക്ട്, മിമിക്രി, മൈം, നാടകം, കവിതാലാപനം, ഉപകര ണസംഗീതം എന്നിവയും വേദി നമ്പർ മൂന്നായ പന്തളം ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ രചനാ

മത്സരങ്ങൾ, ഉപന്യാസ മത്സരങ്ങൾ, കവിതാരചന, കഥാരചന, മെഹന്തി, പുഷ്പാലങ്കാരം, പ്രസംഗം (മലയാളം) പ്രസംഗം (ഇംഗ്ലീഷ്, ഹിന്ദി ) എന്നീ മത്സരങ്ങളും നടക്കും.

(പിഎൻപി 3534/19)

**ചക്കയുടെ സംസ്ക്കരണത്തിൽ സാങ്കേതിക പരിശീലനം**

പത്തനംതിട്ട കൃഷി വിജ്ഞാന കേന്ദ്രത്തിൽ സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ ജില്ലാ ഐ.സി.എ.ആർ-കൃഷി വിജ്ഞാന കേന്ദ്രം കാർഡിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് റിസോഴ്സ് സെന്റർ ഫോർ ജാക്ക്ഫ്രൂട്ടിന്റെ ആഭിമുഖ്യത്തിൽ ചക്കയുടെ സംസ്കരണത്തിൽ അഞ്ചു ദിവസത്തെ സാങ്കേതിക പരിശീലനം നൽകുന്നു. വിദ്യാഭ്യാസ യോഗ്യത - 12-ാം ക്ലാസ്സ്, പ്രായപരിധി - 45 വയസ്. താല്പര്യമുള്ള സംരംഭകാർഥികൾ വിദ്യാഭ്യാസ യോഗ്യത, പ്രായം, തിരിച്ചറിയൽ രേഖ എന്നിവയും അവയുടെ പകർപ്പുകളും സഹിതം ഡിസംബർ 11 ന് രാവിലെ 10 മണിക്ക് മുഖാമുഖത്തിനായി പത്തനംതിട്ട കൃഷി വിജ്ഞാന കേന്ദ്രത്തിൽ (തെള്ളിയൂർ) എത്തിച്ചേരേ താണ്. കൂടതൽ വിവരങ്ങൾക്ക് 8078572094.

(പിഎൻപി 3535/19)

**സാക്ഷ്യപത്രം സമർപ്പിക്കണം**

വള്ളിക്കോട് ഗ്രാമപഞ്ചായത്തിലെ എല്ലാ വിധവാ പെൻഷൻ / 50 വയസ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ ഗുണഭോക്താക്കളും പുനർ വിവാഹം ചെയ്തിട്ടില്ല / വിവാഹം കഴിച്ചിട്ടില്ല എന്നുള്ള ഗസറ്റഡ് ഓഫീസറുടെ / വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം ഈ മാസം 31 നകം പഞ്ചായത്ത് ഓഫീസിൽ സമർപ്പിക്കണം. സർക്കാർ ഉത്തരവ് പ്രകാരം 60 വയസ് കഴിഞ്ഞ ഗുണഭോക്താക്കൾക്ക് ഈ സാക്ഷ്യപത്രം സമർപ്പിക്കുന്നതിൽ നിന്നും ഇളവ് അനുവദിച്ചിട്ടു ന്നും പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

(പിഎൻപി 3536/19)

**എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കൽ ജനുവരി 31 വരെ**

ജില്ലാ സൈനിക ക്ഷേമ ഓഫീസിൽ എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കാൻ കഴിയാതെ സീനിയോറിട്ടി നഷ്ടപ്പെട്ട വിമുക്തഭടന്മാർ ജനുവരി 31 ന് മുൻപായി പുതുക്കണമെന്ന് ജില്ലാ സൈനിക ക്ഷേമ ഓഫീസർ അറിയിച്ചു.

(പിഎൻപി 3537/19)

**ലൈഫ് മിഷൻ ഗുണഭോക്താക്കളുടെ കുടുംബ സംഗമ യോഗം**

ലൈഫ് മിഷൻ പദ്ധതി പ്രകാരം കേരളത്തിൽ ഭവന നിർമാണം പൂർത്തിയാക്കിയ ഗുണഭോക്താക്കളുടെ കുടുംബ സംഗമങ്ങൾ ബ്ലോക്ക് തലത്തിലും ജില്ലാതലത്തിലും

ഡിസംബര്‍ 15 മുതല്‍ ജനുവരി 15 വരെ സംഘടിപ്പിക്കും. ലൈഫ് ഗുണഭോക്താക്കള്‍ക്ക് സംസ്ഥാന സര്‍ക്കാരിന്റെയും കേന്ദ്ര സര്‍ക്കാരിന്റെയും വിവിധ ക്ഷേമ പദ്ധതികളും സേവനങ്ങളും ലഭ്യമാകുന്നതിനായി അദാലത്തും ഇതോടൊപ്പം സംഘടിപ്പിക്കും. ഇതിന്റെ ഭാഗമായി പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ വിവിധ വകുപ്പിലെ ജില്ലാതല ഉദ്യോഗസ്ഥരുടെ മേഖലാതല യോഗം ഡിസംബര്‍ 10 ന് രാവിലെ 11.00 ന് തിരുവനന്തപുരം സെക്രട്ടേറിയറ്റ് സൗത്ത് കോണ്‍ഫറന്‍സ് ഹാളില്‍ നടക്കും.

(പിഎന്‍പി 3538/19)

## വെണ്ണിക്കുളം പോളിടെക്നിക് കോളജ് ലേഡീസ് ഹോസ്റ്റല്‍ ഉദ്ഘാടനം 13ന്

മഹാകവി വെണ്ണിക്കുളം ഗോപാലക്കുറുപ്പ് മെമ്മോറിയല്‍ ഗവണ്‍മെന്റ് പോളിടെക്നിക് കോളജ് ലേഡീസ് ഹോസ്റ്റല്‍ ഉദ്ഘാടന ചടങ്ങിന് മാത്യു ടി തോമസ് എം.എല്‍.എ രക്ഷാധികാരിയായ സ്വാഗതസംഘം രൂപീകരിച്ചു. പ്രിന്‍സിപ്പാള്‍ എ.ഷാജില്‍ (ചെയര്‍മാന്‍), എച്ച്.ഒ.ഡി ബിജു ജോര്‍ജ് (കണ്‍വീനര്‍), വര്‍ക്ക്ഷോപ്പ് സൂപ്ര ് ടി.ബി ഷാജു (ജോയിന്റ് കണ്‍വീനര്‍), പി.എ വര്‍ഗീസ് (ജോയിന്റ് കണ്‍വീനര്‍), അലക്സ് കെ.തോമസ് (വൈസ് ചെയര്‍മാന്‍), പി.ഡബ്ല്യൂ.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയര്‍ അജിത് കുമാര്‍, പി.ടി.എ വൈസ് പ്രസിഡന്റ് എ.ഷാജഹാന്‍, വിവിധ രാഷ്ട്രീയ നേതാക്കള്‍ ഉള്‍പ്പെട്ടതാണ് സ്വാഗതസംഘം. ഡിസംബര്‍ 13 ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി കെ.ടി ജലീല്‍ ലേഡീസ് ഹോസ്റ്റല്‍ ഉദ്ഘാടനം ചെയ്യും.

(പിഎന്‍പി 3539/19)

## ഗുണഭോക്തൃ ലിസ്റ്റില്‍ ഉള്‍പ്പെട്ടവരുടെ യോഗം

പള്ളിക്കല്‍ ഗ്രാമ പഞ്ചായത്തിലെ 2018-19, 2019-20 വാര്‍ഷിക പദ്ധതികള്‍ പ്ര കാരം ഗാര്‍ഹിക ബയോഗ്യാസ് പ്ലാന്റിന് അപേക്ഷിച്ചിട്ടുള്ള ഗുണഭോക്തൃ ലിസ്റ്റില്‍ ഉള്‍പ്പെട്ട വര്‍ ഈ മാസം ഒന്‍പതിന് ഉച്ചകഴിഞ്ഞ് 2.30ന് ആലുംമൂട് കുടുംബശ്രീ ഹാളില്‍ നടക്കുന്ന യോഗത്തില്‍ പങ്കെടുക്കണമെന്ന് വില്ലേജ് എക്സറ്റന്‍ഷന്‍ ഓഫീസര്‍ അറിയിച്ചു.

(പിഎന്‍പി 3540/19).

.

വാര്‍ത്തകള്‍
ഇനി കാണാം...
കേള്‍ക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈല്‍ ആപ്ലിക്കേഷനാണ്.
ആന്‍ഡ്രോയിഡ് വേര്‍ഷനിലുള്ള
എല്ലാ സ്മാര്‍ട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറില്‍ നിന്നും PRD LIVE
ഡൗണ്‍ലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ഡിസംബർ 6 | |
|---|---|
| **December 6** | **2019** |

*1193 വൃശ്ചികം 20* വെള്ളി

# പത്രക്കുറിപ്പ് -3

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**മുഖ്യമന്ത്രിയുടെ ഹരിത അവാർഡ് പ്രഖ്യാപിച്ചു;**

**ഇരവിപേരൂരിന് പത്തനംതിട്ട ജില്ലാതല അവാർഡ്**

ഹരിതകേരളം മിഷൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏർപ്പെടുത്തിയ മുഖ്യമന്ത്രിയുടെ ഹരിത അവാർഡ് പ്രഖ്യാപിച്ചു. കണ്ണൂർ ജില്ലയിലെ പടിയൂർ ഗ്രാമപഞ്ചായത്തും തൃശൂർ ജില്ലയിലെ പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തും മലപ്പുറം ജില്ലയിലെ പൊന്നാനി മുനിസിപ്പാലിറ്റിക്കും തിരുവനന്തപുരം കോർപ്പറേഷനും ഒന്നാം സ്ഥാനം നേടി.

കൊല്ലം ജില്ലയിലെ പെരിനാട്, എറണാകുളം ജില്ലയിലെ ആമ്പല്ലൂർ എന്നീ ഗ്രാമപഞ്ചായത്തുകൾ യഥാക്രമം സംസ്ഥാന തലത്തിൽ ഗ്രാമപഞ്ചായത്തുകൾക്കുള്ള ര ാമത്തെയും മൂന്നാമത്തെയും സ്ഥാനം കരസ്ഥമാക്കി. ബ്ലോക്കു പഞ്ചായത്തുകളിൽ കണ്ണൂർ ജില്ലയിലെ പയ്യന്നൂരും തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാടും യഥാക്രമം ര ും മൂന്നും സ്ഥാനങ്ങൾ നേടി. മുനിസിപ്പാലിറ്റികളിൽ കോഴിക്കോട് ജില്ലയിലെ വടകരയാണ് ര ാം സ്ഥാനം, മൂന്നാം സ്ഥാനം കണ്ണൂർ ജില്ലയിലെ ആന്തൂർ, തൃശൂർ ജില്ലയിലെ കുന്ദംകുളം എന്നിവർ പങ്കിട്ടു.

ജില്ലാതലത്തിൽ ഹരിത അവാർഡുകൾ നേടിയ ഗ്രാമപഞ്ചായത്തുകൾ ഇനി പറയുന്നു. തിരുവനന്തപുരം – ചെങ്കൽ, കൊല്ലം – കുലശേഖരപുരം, പത്തനംതിട്ട – ഇരവിപേരൂർ, ആലപ്പുഴ – ആര്യാട്, കോട്ടയം – കൂരോപ്പട, ഇടുക്കി – കുമളി, എറണാകുളം – രായമംഗലം, തൃശൂർ – പഴയന്നൂർ, പാലക്കാട് – അകത്തേത്തറ, മലപ്പുറം – മാറഞ്ചേരി, കോഴിക്കോട് – ചേമഞ്ചേരി, വയനാട് – മീനങ്ങാടി, കണ്ണൂർ – ചെറുതാഴം, കാസർഗോഡ് – ബേഡഡുക്ക.

തിരുവനന്തപുരത്ത് ഗവ. ഗസ്റ്റ് ഹൗസിൽ നടന്ന പത്രസമ്മേളനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എ.സി.മൊയ്തീനാണ് അവാർഡ് പ്രഖ്യാപിച്ചത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടന്ന പ്രവർത്തനങ്ങളിലെല്ലാം ശ്രദ്ധേയമായ ജനപങ്കാളിത്തമാണ് ഉ ായതെന്ന് പുരസ്കാരം പ്രഖ്യാപിച്ച മന്ത്രി പറഞ്ഞു. ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ.ടി.എൻ.സീമ പത്രസമ്മേളനത്തിൽ പങ്കെടുത്തു.

പ്രാഥമിക റൗ ിനുശേഷം 69 ഗ്രാമപഞ്ചായത്തുകളും 17 ബ്ലോക്ക് പഞ്ചായത്തുകളും 23 മുനിസിപ്പാലിറ്റികളും മൂന്ന് കോർപ്പറേഷനുകളുമാണ് അവസാന റൗ ിൽമികവ് തെളിയിക്കാൻ എത്തിയത്. സ്വന്തം പ്രദേശത്തെ മാലിന്യമുക്തമാക്കുന്നതിലും ജലസ്രോതസുകൾ സംരക്ഷിക്കുന്നതിലും കാർഷികമേഖല സമ്പുഷ്ടമാക്കുന്നതിലും മികച്ച പ്രവർത്തനങ്ങളാണ് ഈ സ്ഥാപനങ്ങൾ കാഴ്ചവച്ചതെന്ന് ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ പറഞ്ഞു.

പ്രൊഫ.പി.കെ. രവീന്ദ്രൻ, പ്രൊഫ. ഇ. കുഞ്ഞിക്കൃഷ്ണൻ, ഡോ. സി. ഭാസ്കരൻ, വി.എൻ. ജിതേന്ദ്രൻ (റിട്ട.ഐ.എ.എസ്.), ശ്രീലേഖ കെ. (ഇറിഗേഷൻ ഡെപ്യൂട്ടിചീഫ് എഞ്ചിനീയർ, റിട്ടയേർഡ്) എന്നിവർ ചേർന്ന സമിതിയാണ് അവാർഡ് നിർണയം നടത്തിയത്. സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനം നേടിയവർക്ക് ഫലകവും സാക്ഷ്യപത്രവും പത്തുലക്ഷം രൂപയും നൽകും. ര ാം സ്ഥാനം നേടിയവർക്ക് ഫലകവും സാക്ഷ്യപത്രവും ഏഴുലക്ഷം രൂപയും നൽകും. മൂന്നാം സ്ഥാനം നേടിയവർക്ക് ഫലകവും സാക്ഷ്യപത്രവും അഞ്ചുലക്ഷം രൂപയും നൽകും. ജില്ലാ തലത്തിൽ സ്ഥാനം നേടിയവർക്ക് ഫലകവും സാക്ഷ്യപത്രവും മൂന്നുലക്ഷം രൂപയും നൽകും. ഹരിതകേരളം മിഷൻ അടുത്ത മാസം സംഘടിപ്പിക്കുന്ന ശുചിത്വമികവ് സംഗമത്തിൽ അവാർഡ് വിതരണം ചെയ്യും.

(പിഎൻപി 3541/19).




.